KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly News Letter of Kerala State Co-operative Bank Vol.1 Issue.1 January 2021

## കോവിഡ് പ്രതിസന്ധി അതിജീവിക്കും

### 50,000 തൊഴിലവസരങ്ങൾ 17500 സഹകരണമേഖലയിലൂടെ



ശ്രീ. പിണറായി വിജയൻ
മുഖ്യമന്ത്രി

കോവിഡ്-19 ആപത്ഘട്ടങ്ങളിൽ സഹകരണ മേഖലയാണ് സംസ്ഥാന സർക്കാരിനും സമ്പദ്ഘടനയ്ക്കും ഏറ്റവും വലിയ കരുത്തായി മാറിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു. കോവിഡ്കാലത്തെ 50,000 തൊഴിലവസരങ്ങളിൽ 17500 എണ്ണം സഹകരണ മേഖലയിലൂടെയാണ് സൃഷ്ടിക്കപ്പെടുന്നത്. ഇതിൽ 13000-ത്സ്പരം തൊഴിൽ അവസരങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങളോ കേരള ബാങ്കിന്റെ ശാഖകളോ സംരംഭകർക്കു നൽകുന്ന വായ്പയുടെ അടിസ്ഥാനത്തിലുള്ളവയാണ്.

## കേരള ബാങ്കിലൂടെ 1000 കോടിരൂപ സംരംഭകവായ്പ



ശ്രീ. കടകംപള്ളിസുരേന്ദ്രൻ
സഹകരണദേവസ്വംവകുപ്പ് മന്ത്രി

കോവിഡ് പ്രതിസന്ധിയെ മറികടക്കുന്നതിന് സഹകരണ മേഖലയിലൂടെ പുതിയതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. കേരള ഗവണ്മെന്റിനോടൊപ്പം പങ്കുചേർന്നു കൊണ്ട് പദ്ധതി വിജയിപ്പിക്കുന്നതിന് കേരള ബാങ്ക് നേതൃത്വം നൽകുന്നതാണ്. 1000 കോടി രൂപ സംരംഭകവായ്പയായി കേരള ബാങ്ക് വിതരണം ചെയ്യും. പുതിയ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രാഥമിക സഹകരണസംഘങ്ങൾക്ക് ആവശ്യമായ ധനസഹായം പുനർവായ്പയായി (Refinance) കേരള ബാങ്ക് നൽകുന്നതാണ്.

കോവിഡ്-19 അടക്കമുള്ള ഒട്ടേറെ പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിച്ച കേരള ബാങ്ക് നാലുമാസം കൊണ്ട് വലിയ നേട്ടം കൈവരിച്ചത്, കേരള സർക്കാരിന്റെ പിന്തുണയും സഹകാരികളുടെയും ഇടപാടുകാരുടെയും സഹകരണവും ജീവനക്കാരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനവും കൊണ്ടാണെന്ന് മന്ത്രി പറഞ്ഞു.




ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കേരള ബാങ്ക് ഭരണ സമിതി പ്രസിഡണ്ടായി ചുമതലയേറ്റ ശ്രീ.ഗോപി കോട്ടമുറിക്കലിനെ അനുമോദിക്കുന്നു.

## കേരളാ ബാങ്ക് നമ്പർ വൺ

കേരളാ ബാങ്ക് നമ്പർ വൺ ആകുമെന്ന് ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ പറഞ്ഞു. റിസർവ് ബാങ്ക് മാർഗനിർദേശങ്ങൾ പാലിച്ച് പ്രൊഫഷണൽ രീതിയിൽ തന്നെയായിരിക്കും കേരളാ ബാങ്കിന്റെ പ്രവർത്തനമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളബാങ്കിന്റെ ആദ്യ ഭരണസമിതി അധികാരമേറ്റെടുത്ത ചടങ്ങിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിലും കേരളാ ബാങ്ക് പങ്കാളിയാകും. കേരള ബാങ്കിന്റെ പ്രഥമ ഭരണ സമിതി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ഗോപി കോട്ടമുറിക്കലിനെയും വൈസ് പ്രസിഡണ്ടായ ശ്രീ. എം കെ കണ്ണനെയും ഭരണ സമിതി അംഗങ്ങളെയും മുഖ്യമന്ത്രി അഭിനന്ദിച്ചു. സഹകരണ വകുപ്പുമന്ത്രി ശ്രീ.കടകം പള്ളി സുരേന്ദ്രൻ, ധനകാര്യ വകുപ്പുമന്ത്രി ഡോ: തോമസ് ഐസക്, സഹകരണ വകുപ്പു സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ എ എസ്, നബാർഡ് ചീഫ് ജനറൽ മാനേജർ ശ്രീ. പി.ബാലചന്ദ്രൻ സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എ.ആർ.രാജേഷ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## കേരള ബാങ്കിന് ലാഭം 374.75 കോടി ആകെ ബിസിനസ്സ് 101194 കോടി

കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാസഹകരണ ബാങ്കുകളും ലയിച്ചതിനു ശേഷമുള്ള കേരള ബാങ്കിന്റെ ആദ്യ ബാലൻസ്ഷീറ്റ് പ്രസിദ്ധീകരിച്ചു. കേരളബാങ്ക് രൂപീകരണത്തിന് ശേഷം 29-11-2019 മുതൽ 31-03-2020 വരെയുള്ള നാല്മാസംകൊണ്ട് ബിസിനസ്സിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുകയും 374.75 കോടിരൂപ ലാഭം നേടുകയുംചെയ്തു.

2019 2020 സാമ്പത്തിക വർഷം 61037.59 കോടി നിക്ഷേപവും 40156.81 കോടിരൂപ വായ്പയുമായി 101194 .40 കോടിരൂപയുടെ ബിസിനസ്സാണ് കേരള ബാങ്കിനുണ്ടായിരുന്നത്. മുൻ വർഷത്തേക്കാൾ നിക്ഷേപത്തിൽ 1525.8 കോടിരൂപയുടെയും വായ്പയിൽ 2026.40 കോടിയുടെയും വർദ്ധനവുണ്ടായി.



06.10.2020 ലെ പത്രസമ്മേളനത്തിൽ കേരള ബാങ്ക് കൈവരിച്ച നേട്ടങ്ങൾ ബഹു. സഹകരണ ദേവസ്വംവകുപ്പ് മന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ വിശദീകരിക്കുന്നു. കേരള ബാങ്ക്ചെയർപേഴ്സണും സഹകരണവകുപ്പ് സെക്രട്ടറിയുമായ ശ്രീമതി. മിനി ആൻറണി ഐ എ എസ്, കേരള ബാങ്ക്ചീഫ് എക്സിക്യൂട്ടീവ്ഓഫീസർ ശ്രീ. പി.എസ്. രാജൻ, ചീഫ് ജനറൽ മാനേജർ ശ്രീ.കെ.സി.സഹദേവൻ എന്നിവർ സമീപം.

# കേരള ബാങ്ക് രണ്ടാമത്തെ വലിയ ബാങ്ക്

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 7 മേഖലാഓഫീസുകളും, 13 ജില്ലകളിൽ വായ്പാ വിതരണകേന്ദ്രങ്ങളും 769 ശാഖകളും കൊച്ചിയിൽ കോർപ്പറേറ്റ് ബിസിനസ് ഓഫീസും 101194.40 കോടി ബിസിനസുമുള്ള കേരള ബാങ്ക് കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്കാണ്. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളും അർബൻ സഹകരണ ബാങ്കുകളുമായി 1557 ഓഹരിയുടമകളാണുള്ളത്. സഹകരണ ജനകീയ അടിത്തറയാണ് കേരള ബാങ്കിന്റെ കരുത്തും മൂലധനവും. എല്ലാവിഭാഗം ജനങ്ങൾക്കും പ്രാപ്യമായ സുരക്ഷിതവും വിശ്വസനീയവുമായ ബാങ്കിങ് സേവനം നൽകുക എന്ന ലക്ഷ്യമാണ് കേരള ബാങ്കിനുള്ളത്. പ്രാഥമിക കാർഷിക സഹകരണസംഘങ്ങളെയും ഇതരസംഘങ്ങളെയും ശക്തിപ്പെടുത്തി സഹകരണ ബാങ്കിങ് രംഗത്ത് പുതിയ മുന്നേറ്റമുണ്ടാക്കുക എന്ന ദീർഘകാലവികസന ലക്ഷ്യവുംകേരള ബാങ്കിനുണ്ട്.



**ശ്രീമതി. മിനി ആൻറണി ഐ എ എസ്**
സെക്രട്ടറി, സഹകരണവകുപ്പ്




കേരള ബാങ്കിന്റെ പ്രഥമ ഭരണ സമിതി അംഗങ്ങളെ ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അഭിസംബോധന ചെയ്യുന്നു. ബഹു.സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ധനകാര്യ വകുപ്പ് മന്ത്രി ഡോ: തോമസ് ഐസക്, ഗവ: സെക്രട്ടറി ശ്രീമതി. മിനി ആന്റണി ഐ എ എസ്, പ്രസിഡണ്ട് ശ്രീ. ഗോപി കോട്ടമുറിക്കൽ എന്നിവർ സമീപം.

2020 - 2021 സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ കോവിഡ്കാലത്തെ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടാണ് ബാങ്ക് മുന്നോട്ടു പോകുന്നത്. ഇതുമൂലം വായ്പാ തിരിച്ചടവിൽ വലിയ കുറവ്വന്നു. റിക്കവറി നടപടികൾ ലഘൂകരിക്കുന്നതിന് വേണ്ടി ആകർഷകമായ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്. 2020 - 2021 സാമ്പത്തിക വർഷത്തെ പ്രവർത്തനം കൊണ്ട് സഞ്ചിത നഷ്ടംമറികടന്ന് കേരള ബാങ്ക് മികച്ച സാമ്പത്തിക നേട്ടവും ലാഭവും കൈവരിക്കുമെന്ന പ്രതീക്ഷയാണുള്ളത്.

# കേരള ബാങ്ക്
# പ്രഥമ ഭരണ സമിതി അധികാരമേറ്റു.




**ശ്രീ. ഗോപി കോട്ട മുറിക്കൽ**
പ്രസിഡണ്ട്



**ശ്രീ. എം. കെ. കണ്ണൻ**
വൈസ് പ്രസിഡണ്ട്

26. 11. 2020 ന് നടന്ന കേരള ബാങ്ക് തിരഞ്ഞെടുപ്പിൽ വിജയിച്ച ഭരണ സമിതി അംഗങ്ങൾ 27.11.2020 ന് തിരുവനന്തപുരം കോബാങ്ക് ടവറിൽ നടന്ന ചടങ്ങിൽ ചുമതലയേറ്റു. ശ്രീ.ഗോപി കോട്ടമുറിക്കലിനെ പ്രസിഡണ്ടായും (എറണാകുളം), ശ്രീ.എം.കെ. കണ്ണനെ വൈസ് പ്രസിഡണ്ടായും (തൃശൂർ) തിരഞ്ഞെടുത്തു. ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മറ്റു ഭരണ സമിതി അംഗങ്ങൾ : അഡ്വ.എസ്. ഷാജഹാൻ (തിരുവനന്തപുരം), അഡ്വ.ജി. ലാലു (കൊല്ലം), എം. സത്യപാലൻ (ആലപ്പുഴ), ശ്രീമതി.എസ്. നിർമ്മല ദേവി (പത്തനംതിട്ട), ശ്രീ.കെ.ജെ. ഫിലിപ്പ് കുഴികുളം (കോട്ടയം), ശ്രീ.കെ.വി.ശശി (ഇടുക്കി), അഡ്വ.പുഷ്പദാസ് (എറണാകുളം), ശ്രീ.എ. പ്രഭാകരൻ (പാലക്കാട്), ശ്രീ.ഇ രമേശ് ബാബു (കോഴിക്കോട്), ശ്രീ.പി.ഗഗാറിൻ (വയനാട്), ശ്രീമതി.കെ.ജി. വത്സല കുമാരി (കണ്ണൂർ), ശ്രീ.സാബു അബ്രഹാം (കാസറഗോഡ്).

സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം റജിസ്ട്രാർ, നബാർഡ് സി.ജി.എം, കേരള ബാങ്ക് സി.ഇ.ഒ എന്നിവരും ഭരണ സമിതി അംഗങ്ങളാണ്.

സ്വതന്ത്ര പ്രാഫഷണൽ ഡയറക്ടറായി പഞ്ചാബ് & സിന്ധ് ബാങ്ക് മുൻ എം.ഡി. ശ്രീ.ഹരിശങ്കർ. എസ് നെ സർക്കാർ നാമ നിർദ്ദേശം ചെയ്തു.

പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് കൂടാതെ അഡ്വ.ജി. ലാലു, ശ്രീ.കെ.ജെ. ഫിലിപ്പ് കുഴികുളം, അഡ്വ.എസ്. ഷാജഹാൻ, ശ്രീമതി.കെ.ജി. വത്സല കുമാരി എന്നീ 6 ഭരണ സമിതി അംഗങ്ങളെ ബോർഡ് ഓഫ് മാനേജ്മെന്റിലേക്ക് തെരഞ്ഞെടുത്തു.

കൂടാതെ ആർ.ബി.ഐ. റിട്ട. എ.ജി.എം ശ്രീ.വി.രവീന്ദ്രൻ (ബാങ്കിംങ് രംഗം), പ്ലാനിങ് ബോർഡ് മെമ്പർ ശ്രീ.കെ.എൻ. ഹരിലാൽ (സാമ്പത്തിക രംഗം), മുൻ സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡണ്ട് ശ്രീ.പി.എ. ഉമ്മർ (സഹകരണ രംഗം), അഡ്വ.മാണി വിതയത്തിൽ (നിയമ രംഗം), കേരള കാർഷിക സർവ്വകലാശാല പ്രൊഫസർ ഡോ: ജിജു പി അലക്സ് (കൃഷി രംഗം) എന്നിവരെയും ബോർഡ് ഓഫ് മാനേജ്മെന്റിലേക്ക് സർക്കാർ നാമനിർദ്ദേശം ചെയ്തു.

# കോവിഡ് കാലത്ത് കൈത്താങ്ങായി കേരള ബാങ്ക് വായ്പകൾ.

കോവിഡ് കാലത്ത് നാടിന് കൈതാങ്ങായി കേരള ബാങ്ക് നിലകൊണ്ടു. നബാർഡ് സഹായത്തോടെ കൃഷിക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന എസ്. എൽ.എഫ് വായ്പ അനുവദിച്ചു. സാധാരണ സ്വർണ്ണ പണയ വായ്പ, പ്രവാസികൾക്കുള്ള സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, മോർട്ട്ഗേജ് വായ്പ, മൈക്രോഫിനാൻസ് വായ്പ എന്നിവ ഉൾപ്പെടെ 8862. 31 കോടി രൂപയാണ് 30.09.2020 വരെ വിതരണം ചെയ്തത്. മുഖ്യമന്ത്രിയുടെ സഹായ ഹസ്തം പദ്ധതിയിലൂടെ കേരള ബാങ്കിൽ നിന്നും കുടുംബശ്രീ മുഖേന നൽകിയ വായ്പകൾ ഒട്ടേറെ കുടുംബങ്ങൾക്ക് സഹായകമായി.

# മുൻതൂക്കം ദീർഘകാല കാർഷികവായ്പാ പദ്ധതികൾക്ക്

വിവിധങ്ങളായ 17 വായ്പാ പദ്ധതികളാണ് കേരള ബാങ്ക് നടപ്പിലാക്കുന്നത്. മുൻഗണനാ മേഖലകളായ കൃഷി, ചെറുകിടസം രംഭങ്ങൾ, ദുർബ്ബലവിഭാഗങ്ങൾക്കുള്ള ഭവന വായ്പകൾ, സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പകൾ എന്നിവക്ക് ഊന്നൽ നൽകികൊണ്ട് വായ്പകൾ പുനരാവിഷ്കരിക്കുകയുണ്ടായി.

കേരളത്തിന്റെ സുസ്ഥിര കാർഷിക വികസനത്തിനു സഹായി ക്കുന്നതും, കോവിഡ് കാലത്തുണ്ടായ കാർഷിക ഉണർവിനെ പിന്തുണച്ചുകൊണ്ടും ദീർഘകാല കാർഷിക വായ്പാ പദ്ധതി കൾക്ക് കേരള ബാങ്ക് മുൻതൂക്കം നൽകുന്നു. കേരളത്തിൽ വൻകിട സ്വർണ്ണപണയ സ്ഥാപനങ്ങൾക്കുള്ള അപ്രമാദിത്വവും, കൊള്ള പലിശയും അവസാനിപ്പിക്കുന്നതിന് കേരള ബാങ്കിന്റെ 769 ശാഖകളിലും എല്ലാ പ്രവർത്തിദിവസങ്ങളിലും ത്വരിതഗ തിയിൽ ലഭ്യമാവുന്ന സ്വർണ്ണപണയവായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണമേഖലയിലുള്ള ചെറുകിട സംരംഭകരെ സഹായിക്കുന്ന എംഎസ്എംഇ സുവിധവായ്പ പദ്ധതിക്ക് നല്ല പ്രതികരണമാ ണുള്ളത്. ചെറുകിടക്കാർക്കും ദുർബലവിഭാഗങ്ങൾക്കുമായി സുവിധ എന്ന പേരിൽ പ്രത്യേക ഭവന വായ്പ പദ്ധതിയും ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസി കൾക്ക് പ്രവാസികിരൺ, വ്യക്തിഗതവായ്പ, പെൻഷൻ കാർക്കുള്ള വായ്പ തുടങ്ങി യവയും നൽകിവരുന്നു.



**ശ്രീ. പി. എസ്. രാജൻ**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

നബാർഡ് പുതിയതായി പ്രഖ്യാ പിച്ചതും കേരളത്തിൽ ഏറ്റവു മധികം സാദ്ധ്യതയുള്ളതുമായ ഭക്ഷ്യ സംസ്കരണ വ്യവസായം, കാർഷിക അനുബന്ധ വ്യവസായങ്ങൾ PACS മുഖേനയുള്ള മൾട്ടിസർവീസ്സെന്റർ എന്നീ മേഖലകളിൽ കേരള ബാങ്ക് വായ്പ അനുവദിക്കുന്നതാണ്.

# ധനവിനിയോഗം സന്തുലിതമായി



**ശ്രീ. കെ. സി. സഹദേവൻ**
ചീഫ് ജനറൽമാനേജർ

കേരളീയ ഗ്രാമങ്ങളിൽ ജനങ്ങളെ ബാങ്കിംങ് മേഖലയുമായി ബന്ധപ്പെ ടുത്തുവാൻ സഹകരണ പ്രസ്ഥാ നങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇടപാടുകാരുമായി കൂടുതൽ അടുപ്പമുണ്ടാക്കാൻ സാധിക്കുന്നത് സഹകരണ ബാങ്കുകളുടെ സ്വീകാ ര്യതയും വിജയവുമാണ്.

പ്രാഥമികസഹകരണ ബാങ്കുകളെ ആധുനികവൽക്കരിക്കുന്നതിനും സാമ്പത്തികമായി ശക്തിപ്പെടുത്തു ന്നതിനും കേരള ബാങ്കിന് സാധിക്കുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കൈകോർ ത്തുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി കേരള ബാങ്കിന്റെ ജനകീയ അടിത്തറ കൂടുതൽ വിപുലമാക്കാൻ കഴിയും.

മുൻകാലങ്ങളിൽ ചില ജില്ലാ സഹകരണ ബാങ്കുകൾക്ക് പരിമിത മായ നിക്ഷേപം ഉപയോഗിച്ച്വേണ്ടത്ര വായ്പ നൽകുവാൻ കഴിഞ്ഞിരുന്നില്ല. നിക്ഷേപം കൂടുതലുള്ള ചില ജില്ലകളിൽ വായ്പക്ക് ഡിമാന്റ് കുറവുമായിരുന്നു. കേരള ബാങ്ക് രൂപീകരണത്തോടുകൂടി ഭൂമിശാസ്ത്രപരമായ അസന്തുലിതാ വസ്ഥ മറികടന്ന് ധനവിനിയോഗം സന്തുലിതമാക്കാൻ കഴിഞ്ഞു. കേരളത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങൾ സംസ്ഥാനത്തിനുള്ളിൽ തന്നെ വായ്പയായി വിതരണം ചെയ്യുന്നതിലൂടെ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് വലിയ സംഭാവനയാണ് കേരള ബാങ്ക് നൽകി കൊണ്ടിരിക്കുന്നത്.

## കോവിഡ് ദുരിതാശ്വാസ നിധിയിലേക്ക് 15 കോടി രൂപ

സംസ്ഥാന സർക്കാരിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേരള ബാങ്ക് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 15 കോടി രൂപ നൽകി

## പുനർവായ്പാ പദ്ധതി കൈ പുസ്തകം.



കേരള ബാങ്ക് പ്രത്യേക പുനർവായ്പാ പദ്ധതി സംബന്ധിച്ച കൈപുസ്തകം സഹകരണ, ടൂറിസം, ദേവസ്വം വകുപ്പ് മന്ത്രി.ശ്രീ.കടകംപള്ളി സുരേന്ദ്രൻ ബാങ്ക് ചെയർ പേഴ്സണും ഗവൺമെന്റ് സെക്രട്ടറിയുമായ ശ്രീമതി.മിനി ആന്റണി ഐ എ എസ് നു നൽകി പ്രകാശനം ചെയ്യുന്നു. സംസ്ഥാന സഹകരണ യൂണിയൻ കൺവീനർ ശ്രീ.കോലിയക്കോട് കൃഷ്ണൻ നായർ, സഹകരണ വകുപ്പ് രജിസ്ട്രാർ ശ്രീ.നരസിംഹു ഗാരി ഐ എ എസ്, കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി.എസ്.രാജൻ, ചീഫ് ജനറൽ മാനേജർ ശ്രീ.കെ.സി. സഹദേവൻ എന്നിവർ സമീപം.

## ആദരാഞ്ജലികൾ



തിരുവനന്തപുരം മൺവിള അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) ഡയറക്ടറായിരുന്ന **ഡോ: ടി. പരംജ്യോതി** 13-09-2020 ന് നിര്യാതനായി

# മത്സ്യതൊഴിലാളി സ്ത്രീകൾക്ക് പിന്തുണയുമായി കേരള ബാങ്ക്



കേരളത്തിലെ മത്സ്യതൊഴിലാളി സ്ത്രീകളുടെ സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനം ലക്ഷ്യംവെച്ചുള്ള 3R പദ്ധതി, ബഹു.ഫിഷറീസ്, തുറമുഖ എഞ്ചിനീയറിംങ്, കശുവണ്ടി വ്യവസായ വകുപ്പുമന്ത്രി ശ്രീമതി ജെ.മേഴ്സിക്കുട്ടി അമ്മ കൊല്ലം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 15.08.2020 ന് ഉദ്ഘാടനം ചെയ്യുന്നു.

കേരളത്തിലെ മത്സ്യതൊഴിലാളി സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനം ലക്ഷ്യംവെച്ചുള്ള 3R പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം 15-08-2020 ന് കൊല്ലം കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു.ബഹു. ഫിഷറീസ്, തുറമുഖ എഞ്ചിനീയറിങ്, കശുവണ്ടി വ്യവസായവകുപ്പു മന്ത്രി ശ്രീമതി ജെ.മേഴ്സിക്കുട്ടി അമ്മ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു.കൊല്ലം എം എൽ എ യും പ്രമുഖ നടനുമായ ശ്രീ. മുകേഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ, കേരള ബാങ്ക്ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.പി.എസ്.രാജൻ, കുഫോസ് സിണ്ടിക്കേറ്റ് അംഗം ശ്രീ. ബേസിലാൽ.എച്ച്, കേരള ബാങ്ക് കൊല്ലം ജില്ലാ ക്രെഡിറ്റ് പ്രോസസിംങ് സെന്റർ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ശ്രീകുമാർ.ആർ, മത്സ്യ ബന്ധനവകുപ്പ്കൊല്ലം ഡെപ്യൂട്ടിഡയറക്ടർ ശ്രീ.കെ.സുഹൈർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. 'സാഫ്' എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ശ്രീലു.എൻ.എസ് സ്വാഗതവും, 'സാഫ് നോഡൽ ഓഫീസർ ശ്രീ. നൗഷർഖാൻ. കെ നന്ദിയും പറഞ്ഞു.

## സാഫ്

മത്സ്യതൊഴിലാളികളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനു വേണ്ടി കേരള ഗവൺമെന്റ് ആവിഷ്കരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥാപനമാണ് കേരളസർക്കാർ ഫിഷറീസ് വകുപ്പിന്റെ സൊസൈറ്റിഫോർ അസിസ്റ്റൻസ് ടു ഫിഷർമെൻ (സാഫ്). തീരദേശ മേഖലയിൽ മത്സ്യവിൽപ്പനയും അനുബന്ധതൊഴിൽ ചെയ്യുന്നവരുമായ മത്സ്യതൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഔദ്യോഗിക ബാങ്കിംങ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന സാഫ്പദ്ധതിയാണ് 3R. മത്സ്യതൊഴിലാളികൾ ഉൾപ്പെടുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ കേരള ബാങ്കിലാണ് ഇടപാടുകൾ നടത്തുക. ഈ പദ്ധതിക്ക് 1.78 കോടി രൂപയുടെ ഭരണാനുമതിലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത അഞ്ച് പേരടങ്ങുന്ന 200 ജോയിന്റ് ലയബലിറ്റി ഗ്രൂപ്പുകൾ(JLG) രൂപീകരിച്ച് 1000 മത്സ്യതൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഒരാൾക്ക് 10,000 രൂപ വീതവും JLG ക്ക് 50,000 രൂപ വീതവും വനിതകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകുന്നു. മത്സ്യ ബന്ധന മേഖലയിലെ അഭിവൃദ്ധി ലക്ഷ്യമാക്കി, മത്സ്യം സംസ്കരിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾക്കുള്ള Special Refinance (SRF) നബാർഡും കേരള ബാങ്കും സംയുക്തമായി സഹകരണ മേഖലയിലൂടെ അനുവദിക്കുന്നതാണ്. മത്സ്യബന്ധന മേഖലയിലെ ജോയിന്റ് ലയബലിറ്റികൾക്കുള്ള ദീർഘകാല വായ്പകളും, കിസാൻ ക്രെഡിറ്റ്കാർഡും കേരള ബാങ്ക് നൽകുന്നതാണ്.

# കേരള പിറവി ദിനത്തിൽ 10 എടിഎം ഉദ്ഘാടനം ചെയ്തു.



കണ്ണൂർ ജില്ലയിൽ പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന പത്ത് എ ടി എം സെന്ററുകളുടെ ഔപചാരികമായ ഉദ്ഘാടന കർമ്മം 2020 നവംബർ 1 ന് രാവിലെ 9.30 ന് ബഹു. സഹകരണ, ടൂറിസം, ദേവസ്വം, വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഓൺലൈനായി നിർവ്വഹിച്ചു. ഉദ്ഘാടന ചടങ്ങിൽ ബാങ്ക് സി.ഇ.ഒ ശ്രീ. പി എസ്. രാജൻ അദ്ധ്യക്ഷത വഹിച്ചു. സി.ജി എം ശ്രീ.കെ. സി. സഹദേവൻ സ്വാഗതവും കണ്ണൂർ റീജിയണൽ ജനറൽ മാനേജർ ശ്രീ. എ.അനിൽകുമാർ നന്ദിയും പറഞ്ഞു.

കണ്ണപുരം, പിലാത്തറ, മാതമംഗലം, കടന്നപ്പള്ളി, അഴീക്കോട്, കൂത്തുപറമ്പ്, ചക്കരക്കൽ, മട്ടന്നൂർ, പേരാവൂർ, ഇരിട്ടി എന്നീ പത്തു സ്ഥലങ്ങളിലാണ് കേരള ബാങ്കിന്റെ എ ടി എം സേവനം പുതിയതായി ലഭിക്കുക.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന എല്ലാ പ്രദേശങ്ങളിലേക്കും ബാങ്കിംങ് സേവനം എത്തിക്കുക എന്നതാണ് കേരള ബാങ്കിന്റെ ലക്ഷ്യം. അതിനായി നബാർഡ് സഹായത്തോടെ കൂടുതൽ മൊബൈൽ എടിഎം, മൈക്രോ എ ടി എം എന്നിവ ഉടനെ വിവിധ സ്ഥലങ്ങളിൽ സജ്ജമാക്കുന്നതാണ്.





അറുപത്തി ഏഴാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷം ഉദ്ഘാടനം 14.11.2020 ന് ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനും സമാപന സമ്മേളനം ഉദ്ഘാടനം 20.11.2020 ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി ഡോ : തോമസ് ഐസക്കും നിർവഹിക്കുന്നു.

# SRF പദ്ധതി



സഹകരണ വായ്പാ സംഘങ്ങളെ മൾട്ടി സർവീസ് സെന്ററുകളായി ഉയർത്തുന്നതിന് നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് നടപ്പിലാക്കുന്ന SRF പദ്ധതിയുടെ ഭാഗമായി, പാലക്കാട് പാഡി പ്രൊക്യൂർമെൻറ് പ്രോസസ്സിംഗ് & മാർക്കറ്റിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) സന്ദർശിച്ച നബാർഡ് സി. ജി. എം ശ്രീ. പി.ബാലചന്ദ്രൻ, നബാർഡ് ഡി.ഡി.എം ശ്രീ. ലാലു പി എൻ കുട്ടി, കേരള ബാങ്ക് സി.ഇ.ഒ ശ്രീ.പി എസ് രാജൻ എന്നിവർ PAPCOS പ്രസിഡണ്ട് ശ്രീ. എം.നാരായണൻ ഉണ്ണി, വൈസ് പ്രസിഡണ്ട് ശ്രീ. എ. ചൈതന്യ കൃഷ്ണൻ, സെക്രട്ടറി ശ്രീ. എ.സുരേന്ദ്രൻ എന്നിവരുമായി ചർച്ച നടത്തുന്നു. പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിലാണ് SRF ധനസഹായത്തോടെ PAPCOS ആധുനിക റൈസ്മിൽ സ്ഥാപിക്കുന്നത്.

Printed and published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, VikasBhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR /2020